# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല — വണ്ടാഴി ഗ്രാമപഞ്ചായത്ത് - 1998-99 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.4, 3.5 സാധൂകരണ അപേക്ഷ നിരസിച്ചുകൊണ്ടും 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2, 3.3 എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം.782/16/തസ്വഭവ. തിരുവനന്തപുരം, തീയതി: 25/02/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-13006/15 നമ്പർ കത്ത്

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 25/09/2015-ലെ നം.എൽ.എഫ്.7568/പിറ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 34 പ്രകാരം എക്സ്ട്രാ ഐറ്റം പ്രവൃത്തി ചെയ്തതിന് ബി.എൽ.ഇ.സിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല എന്ന പരാമർശ പ്രകാരം തടസ്സപ്പെടുത്തിയ 21,272/-രൂപ, ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 35 പ്രകാരം വിദ്യാർത്ഥികൾക്ക് പാഠപുസ്തകം വാങ്ങാൻ ചെലവഴിച്ച 14,856/-രൂപ, 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം വികലാംഗർക്ക് പെട്ടിക്കട അനുവദിച്ചത് പ്രകാരം അധികം ചെലവഴിച്ച 25,000/- രൂപ, ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം വികലാംഗർക്ക് പെട്ടിക്കട അനുവദിച്ചത് പ്രകാരം അധികം ചെലവഴിച്ച 25,000/- രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനങ്ങളും ആഡിറ്റ് പരാമർശങ്ങളുടെ പകർപ്പും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയും സഹിതം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ 1998-99 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 34 പ്രകാരം ഒറവ്മട നീർച്ചാൽ റോഡ് പ്രവൃത്തി ചെയ്തതിന് ബി.എൽ.ഇ.സിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടാത്തതിനാലും റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും ഓഡിറ്റ് തടസ്സപ്പെടുത്തിയ 21,272/-രൂപ, ജനകീയാസൂത്രണ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിലുണ്ടായ വീഴ്ച മൂലമാണ് ബി.എൽ.ഇ.സയുടെ അംഗീകാരം വാങ്ങാതെ പോയതെന്നും ഈയിനത്തിൽ ഗ്രാമപഞ്ചായത്തിനോ സർക്കാരിനോ നഷ്ടം സംഭവിച്ചിട്ടില്ലായെന്നും ടി കാലയളവിലെ സെക്രട്ടറി മരണപ്പെട്ടതായും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30/10/2014-ലെ 19(1) നമ്പർ തീരുമാനത്തിൽ വിശദീകരിച്ചിട്ടുണ്ടെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1998-99 വർഷത്തെ ഖണ്ഡിക 35 പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന സ്കൂളിലെ നിർധനരായ വിദ്യാർത്ഥികൾക്ക് പുസ്തകം വിതരണം നടത്തിയിട്ടുള്ളതായും ഈ പദ്ധതി മൂലം ദരിദ്ര കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിനും കൊഴിഞ്ഞ് പോക്ക് തടയുന്നതിനും സാധിച്ചിട്ടുള്ളതായും, 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം വികലാംഗർക്ക് പെട്ടിക്കട എന്ന പ്രോജക്ടിൽ നിർദ്ധനരും തൊഴിൽ ചെയ്യാൻ ശേഷിയില്ലാത്ത

വികലാംഗരായ ഗ്രാമസഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്കാണ് ഇത്തരത്തിൽ പെട്ടിക്കട അനുവദിച്ചിട്ടുള്ളതെന്നും ഈ പദ്ധതിയിൽപ്പെട്ട എല്ലാ ഗുണഭോക്താക്കളും പെട്ടിക്കട നടത്തി ഉപജീവനം കഴിച്ച് വരുന്നവരാണെന്നും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21/08/2013-ലെ 4(1) നമ്പർ തീരുമാനത്തിൽ വിശദീകരിച്ചിട്ടുണ്ടെന്നും, ഖണ്ഡിക 3(3) പ്രകാരം വികലാംഗർക്ക് പെട്ടിക്കട (എസ്.സി.പി) എന്ന പ്രോജക്ടിൽ പെട്ട എല്ലാ ഗുണഭോക്താക്കളും പെട്ടിക്കട നടത്തി ഉപജീവനം കഴിച്ച് വരുന്നവരാണെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 4(2) നമ്പർ തീരുമാനത്തിൽ വിശദീകരിച്ചിട്ടുണ്ടെന്നും എന്നിരുന്നാലും സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി ചെലവഴിച്ച തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷത്തെ തടസ്സങ്ങൾ തികച്ചും സാങ്കേതികമാണ്. എന്നാൽ 2007-08 വർഷത്തെ ചിലവുകളിൽ സർക്കാർ മാർഗ്ഗരേഖ പ്രകാരം 50% സബ്സിഡിയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 100% സബ്സിഡി അനുവദിച്ചതിനാണ് ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 34, ഖണ്ഡിക 3.5 യഥാക്രമം തടസ്സപ്പെടുത്തിയ 21,272/-(ഇരുപത്തിയൊന്നായിരത്തി ഇരുനൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) രൂപ, 14,856/-(പതിനാലായിരത്തി എണ്ണൂറ്റി അമ്പത്തിയാറ് രൂപ മാത്രം) രൂപ എന്നീ ചിലവുകൾക്ക് സാധൂകരണം നൽകിയും 2007-08 വർഷം ഖണ്ഡിക 3(2) പ്രകാരം തടസ്സപ്പെടുത്തിയ 25,000/- (ഇരുപത്തിയഞ്ചായിരം രൂപ മാത്രം) രൂപ, ഖണ്ഡിക 3(3) പ്രകാരം തടസ്സപ്പെടുത്തിയ 25,000/- (ഇരുപത്തിയഞ്ചായിരം രൂപ മാത്രം) രൂപ എന്നിവയുടെ ചിലവുകൾ നിരാകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

സെക്രട്ടറി, വണ്ടാഴി ഗ്രാമപഞ്ചായത്ത്, പാലക്കാട്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ